LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 8-9-2008-ലെ സ.ഉ.നം. (എംഎസ്.) 38/2008/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിൽ അധികമായി കണ്ടെത്തിയ 324 ക്ലാർക്കുമാരുടെ തസ്തികകൾ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഒരു വിഭാഗം റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ പൊതുമരാമത്ത് വകുപ്പിൽനിന്നും തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് മാറ്റപ്പെടുകയും തൽഫലമായി പൊതുമരാമത്ത് വകുപ്പിൽ അധികമായി കണ്ടെത്തിയ തസ്തികകൾ വെട്ടിക്കുറക്കുകയും അവ തദ്ദേശ സ്വയംഭരണ വകുപ്പിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

എം. സി. റോഡിൽ സ്ഥാപിച്ചിട്ടുള്ള ബംപുകൾ

207 (1935) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര മുതൽ തിരുവനന്തപുരംവരെ എം.സി. റോഡിൽ എത്ര ബംപുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരോ സ്ഥലത്തും ബംപ് സ്ഥാപിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) കാരേറ്റിനും കിളിമാനൂരിനും ഇടയിൽ പൊരുന്തമൺ ജംഗ്ഷന് സമീപം അനേകം അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും നടക്കുന്നതു കൊണ്ട് പ്രസ്തുതസ്ഥലത്ത് ഒരു ബംപ് സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 17 ബംപുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇവ നിർമ്മിച്ചത്.

(സി) പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ റോഡ് പുനരുദ്ധാരണം

208 (1936) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപരിതലം നന്നാക്കുന്നതിനും, പ്രളയക്കെടുതികൾമൂലം തകർന്ന റോഡുകൾ പുനരുദ്ധരിക്കാനും 2011 ജനുവരി ഒന്നിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര റോഡുകൾക്കായി, എത്ര കോടി രൂപയ്ക്ക് പൊതുമരാമത്ത് വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ;